Rapid advance has been made after the nature of the reaction and the effects of the rate factors have been understood. Graphitic corrosion which is due to carbon, in cast iron and steel has been eliminated by improving methods of production to exclude free carbon. Production techniques of alloys have been so perfected as to get a truly homogeneous product. Cold working or improper heat treatment causes static stresses in the body of the alloy or metal. This or external strain creates inter granular phases and the solution penetrates along these boundaries and destroys the tenacity of the metal. Spontaneous disintegration results. So in metals or alloys made for corrosion resistance, cold working is scrupulously avoided and an effect of uneven heat treatment is got over by careful tempering.

Though alloys, the exact explanation of the high resistance of which is still unknown and is a matter on which fundamental research is going on, exist, to withstand any particular set of conditions, high costs prohibit their general use. As long as special alloys retain their high prices resort has to be made to such means as control of operating conditions, protective linings and paints, restricting use of alloys to parts meant for high temperatures or heavy friction.

Use of linings in tanks containers and such equipments has been highly successful and is being adopted wherever possible by all progressive manufacturers. For giving metallic coatings many processes exist, electroplating, sherardising, dipping in molten metals etc. But painting remains the universal means to protect metals from decay.

Extensive modern researches have brought out a variety of paints with widely different properties. Chlorinated rubber and plastic paints are in wide use and are very effective; they are even used instead of linings in certain cases. Apart from

forming protective covering, some of the pigments used in paints exert a strong inhibiting effect on corrosion reactions. Chromium compounds, Barium sulphate and basic pigments like red lead, white lead and zinc dust, all inhibit the reaction of rusting and form very good bases.

The durability of a paint coating mainly depends on there being no foreign matter between the paint and metal, the opaqueness of the paint, and air about the place. Paints applied without properly cleaning the surface is a waste, apart from the loss by corrosion which continues. Pickling in dilute acid is a very effective way of preparing the surface. But this is seldom practicable. Sand blasting or scraping is good enough if completely done. Moisture, if enclosed in paints, causes quick deterioration. Paints to be lasting should be applied in dry weather and in atleast three layers. Paints when properly applied last for about four years, after which renewal is necessary. There is no reason why iron and steel should not, if properly protected last indefinitely.

The causes and types of corrosion are so many, and only a few of them may be operating in particular conditions that a hard and fast prescription to combat it is impossible. However with an understanding of the mechanism of corrosion and the various factors involved, particular cases can be studied and measures taken to check this costly waste.

ഇരുമ്പു മുതലായ ലോഹങ്ങൾകൊണ്ടു നിർമ്മിക്കപ്പെടുന്ന ഉപകരണങ്ങൾ തുരുമ്പിച്ചുപോകുന്നതിനെപ്പററിയും, അങ്ങനെ തുരുമ്പെടുത്തു നശിച്ചുപോകാതിരിക്കാൻ, ചായമിടുക, മണ്ണുപയോഗിച്ചു മോറുക, പ്ലാസ്റ്റിക്കുകൊണ്ടു പൊതിയുക എന്നും മററുമുള്ള സംരക്ഷണവിധികൾ അനുഷ്ഠിക്കേണ്ട ആവശ്യകതയെപ്പററിയും വിവരിക്കുന്ന ഒരു ലേഖനമാണിതു്. ഫാക്ടു് കമ്പനിയിലെ ഒരു ഓപ്പറേറർ ആയ ശ്രീ. കെ. ജി. ഫിലിപ്പ് ബി. എസ്. സി. ആണു് ലേഖകൻ.

---

We look backward regretting, forward hoping, while the present stands offering us flowers.

–Goldsmith–

---

# FACTS THAT INTEREST

## Manufacture of pure Beryllium.

Pure Beryllium was isolated for the first time in 1947 in the laboratories of the Praz Factory in Maurienne. In view of the importance of this metal, production in the factory passed immediately from the laboratory to the work-shop stage, and at the present moment the daily out-put is several kilogrammes of beryllium as 99.9 per cent pure. The Calypso Factory, which is also in Maurienne, and was destroyed during the war, is now being rebuilt, and beryllium will be produced therein an industrial scale.

There is also a factory at St. Jean de Maurienne which manufactures beryllium-bronze, a binary alloy, whose mechanical properties are particularly interesting, its stability under an electric Arc is remarkable; its thermal conductivity is four times greater than that of steel and double that of phosphor bronze, its resistance to wear is seven times greater than that of phosphor bronze or aluminium bronze. Because of its resistance to oxidation and corrosion, its elasticity and its good conductivity, it is used for electrical apparatus, precision machinery and in the manufacture of tools likely to produce dangerous sparks on impact.

## Industrial Treatment of Seaweed in Morocco.

A factory has just been equipped at Safi, a Moroccan Port on the Atlantic coast, for the treatment of Seaweed of which there are huge natural beds at the coast. An old landing barge has been specially converted for this purpose and fitted with a cutting device at the Stern. The device was invented by a French engineer. It is electrically operated and can cut sea weed down to a depth of 130 ft., but it usually works at a depth of 50 ft. in order not to risk uprooting the sea weed. When it is cut, the sea weed is collected in nets and piled up on the deck. The working capacity of the barge is 10 to 12 tons an hour, and it is has a crew of six. The seaweed is dried in the sun, ground and crushed mechanically, the iodides are then extracted by chemical treatment, as are the alginates which are being used to an increasing extent in a large number of industries.

## Pakistan's Development Plan.

The establishment of plant for jute, paper, fertilisers, steel, rubber, tyres and tubes, heavy chemicals, heavy engineering and ship-building, involving capital of about 35 crores of rupees, is contemplated by the Government of Pakistan, according to Mr. Fachur Rahman, Minister for Commerce and Industries.

Representatives of the Power-Gas Corporation of the United Kingdom and the Chemical Construction Company of the United States are now in Pakistan in connection with a fertiliser project which the Government is sponsoring. Experts of the Belgian firm Union Chimique Belge are also to visit

Pakistan shortly to advise the Government.

The Pakistan Government provisionally is of the view that a factory with a capacity of 100,000 tons of ammonium sulphate should be established in West Punjab.

The Minister also states that an expert from the Bureau of Reclamation of the U. S. Department of the Interior will shortly make a survey of the Dominion's river basins to advise on the desirability of setting up regional authorities on the lines of the Tennessee Valley Authority.

## Detector for Pipe Leaks.

A time-tested but not too well-known, device quickly locates leaks in pipes, tanks, or other storage vessels by application of a vacuum. In operation, the seams to be tested are covered with soap studs, an inspection box having a clear glass top and soft rubber base is laid over the seam, and a powerful vacuum created. This draws air through any leaks, causing soap bubbles to form which are clearly visible through the glass top. Testers are available in a wide variety of shapes and sizes for inside corners, outside corners, circumferential seams and straight seams.

## New Meta Alkyl Phenols.

### Cashew-nut-shell as a source of Varied Derivatives.

The main constituents of cashew-nut-shell liquid are phenolic in nature and contain a high proportion of monohydric meta-substituted phenol, a proprietary form of which is known as Cardanol and is used for making synthetic resins. A new development is the hydrogenation of the liquid to produce two meta-alkylphenols, the 3-pentadecyl phenol and 5-pentadecyl resorcinol. The former compound can be obtained in a yield of approximately 45 per cent of the cashew-nut-shell liquid, while the 5-pentadecyl resorcinol is produced 5 per cent.

### Solvents and Special Resins.

Some of the uses for these products include conversion to oil additives, anti-oxidants for petroleum fuels, and mutual solvents for the rotenone-containing resins with petroleum hydro-carbons, these solutions being used for insecticidal purposes. Interesting new heat-reactive resins can be made by a one-stage process from these phenols.

The 3-pentadecyl phenol is a waxy solid, pale amber in colour. It has a melting point of 49°-51°C and a boiling range of 190°-195°C at 1 mm. mercury. This phenol is insoluble in water and aqueous alkalis but is very soluble in organic solvents, including aliphatic hydrocarbons.

The 3-pentadecyl phenol forms heat-reactive resins with an equimolecular amount of formaldehyde and using either acid or alkaline catalysts. These one-stage resins while in the fusible stage are readily soluble in hydrocarbons, including the aliphatic, such as naphtha or mineral spirits. They are being examined for use as coating resins.

Hydrogenated Cardanol sulphonates very easily when heated with concentrated sulphuric acid at 125°C. (preferably under vacuum).

When complete water solubility is reached, after about two hours, the hot mixture is poured into heptane, the solution heated for complete solution, and then cooled to cause crystallisation of the sulphuric acid which is recovered by filtration.

The sulphonated product is readily soluble in water and is soluble in all the organic solvents except the aliphatic hydrocarbons (cold). The sodium and potassium sulphonates are practically insoluble in water but are soluble in a wide range of solvents. These sulphonates are suggested as additives for dry-cleaning fluids.

Interesting nitro compounds are obtained from 3-pentadecyl phenol by treatment of a solution of hydrogenated Cardanol in chloroform with fuming nitric acid. Both 4-nitro and the 6-nitro 3-pentadecyl phenols are obtained, the first named having a melting point of 71·5°–72° C and the 6-nitro compound a m. p. of 43°-43° C. A tri-nitro derivative can be prepared by utilising the disulphonic acid. These three nitro compounds are soluble in practically all the common organic solvents, with the exception of cold alphatic hydro-carbons for the 4-nitro phenol and of the lower aliphatic alcohols for the 6-nitro compound.

The most important amino derivatives is the 4-amino-3-pentadecyl phenol made by reducing the nitro derivatives with hydrogen and Raney nickel catalyst in ethyl acetate solution. The pure 4-amino compound has a m. p. of 105.5°-106.5° C, while the pure 6-amino phenol has a m. p. of 133°-134°C.

The Irvington Varnish and Insulator Co. of New Jersey, U. S. A., reports that the 4-amino-3-pentadecyl phenol is likely to assume considerable importance as a gum inhibiter in petrol.

**Wax Uses.**

The lower alkyl ethers of 3-pentadecyl phenol are low melting solids, the higher alkyl ethers (up to octyl) are liquids, and the higher alkyl ethers, such as lauryl and stearyl, are solids of increasing melting point. An interesting waxy ether, un-affected by boiling alkalis, is prepared by combining 2 moles of anhydrous sodium salt of hydrogenated Cardanol with 1 mole of 1. 4-dichlorbutene.

This wax has a m. p. of 71°-73° C and is insoluble in the lower alcohols but soluble in hydrocarbons. It is possible that this waxy ether may be of interest for improving the alkali resistance of wax preparations for treating floors, polishing car bodies, and finishing leather.

The 5-pentadecyl resorcinol is a waxy solid having an iron or greyish white colour. Its molecular weight is 320, its melting point 91°-93° C, and its boiling range is 220°-225° C at 1 mm. mercury.

# News & Notes

## Ammonia as Fertiliser.

In a paper to the American Chemical Society at its general meeting in Atlantic City, N. U., W. B. Andrews and M. Geiger, of the Mississippi Agricultural Experiment Station, said that anhydrous ammonia was introduced to the farmers of Mississippi on March 7, 1947 and by June 30,90,000 acres had been fertilised with it. From July 1, 1947 to June 30, 1949, about 1,000,000 acres were so treated.

Anhydrous ammonia is also being used in considerable quantities in Arkansas and Louisiana, and to a smaller extent in Alabama, Missouri, Tennessee and Jexas, with a very small amount being used in Georgia and a few other states.

In general young plants prefer ammonium nitrogen, and older plants prefer nitrogen. The pH of the soil is one of the primary factors which determine the rate of nitrification. On soils, with a pH of 5 or less the rate of nitrification is slow, and anhydrous ammonia may be applied in October to Autumn—planted oats for grain, and the results obtained are equal to those for ammonium nitrate applied in March. On soils with a pH of 5.5 higher, the rate of nitrification is high and anhydrous ammonia applied in October is converted into nitrates and largely leached out of the soil before spring.

When applied to Autumn—planted oats in January, anhydrous ammonia is satisfactory on strongly acid soils.

## New Type of Tyre Tread.

A new tread for motor tyres, incorporating coils of wire which wear down to form thousands of steel bristles protruding from the tyre, was shown to road transport authorities recently by Sir Patrick Hamilton, chairman of Tyresoles, Ltd., which is responsible for this development.

*Greater Resistance to Wear and Skidding.* The main advantage claimed for the new tread is that it reduces the risk of skidding on wet roads and bad surfaces. Tests carried out by the Road Research Laboratory of the Department of Scientific and Industrial Research have shown that on wet wood blocks the average retardation from 30 m. p. h. is improved by one-fifth with the new tread, which is called Wyresole.

An incidental, but important, advantage of the new tread is its resistance to cuts by stones, flints or glass.

## Mildew in Books.

Outbreaks of mildew, damaging to bookbinding materials or books in store, have been experienced by many bookbinders and publishers visited by staff of the Printing, Packing and Allied Trades Research Association, and there is evidence that British bound books do not, in general, resist these attacks or damage by insects as well as do

books bound in the U. S. A. Consequently, at the request of its bookbinder members and the Publishers' Association, Patra has now published a bulletin * explaining what causes mildew on books and how it can be prevented.

*Causation and Prevention.* "Mildew" is caused by moulds, whose tiny spores ("seeds") are readily airborne even by a normal room atmosphere. Given a moist and warm atmosphere these spores quickly become moulds, deriving their food from the material on which they form, and during their growth they may produce carbonic, citric, gluconic, fumaric, oxalic, or other organic acids which can damage or ruin the materials on which they grow.

Printing papers, end papers, dust covers, chipboard, millboard, strawboard, mull or calico, sewing thread, many of the finishes of bookcloths, leather, most adhesives—nearly all the materials used in the production of bound books—are fertile ground for the growth of these damaging moulds.

This Patra Bulletin describes clearly and simply how mould infection can be kept to a minimum. The main thing is to maintain cleanliness in all operations and all departments, to do away with damp spots, to keep the air as dry as possible, and the temperature down to or below 65° F. By keeping the air in the workshop constantly on the move, by open windows and or proper types of electric fans, the mould spores are given no chance to settle, and any moisture on the surfaces of stored materials will be quickly evaporated. As much sunlight as possible should be let in.

**Precautions with Adhesives.**

Adhesives provide fertile culture media, so all pots, utensils, machines and brushes must be kept strictly clean, and empty drums, racks, etc., which have contained or been used with adhesives should be destroyed or returned to the makers.

Stacks of paper and boards should be kept away from outer walls and raised off the ground, and the air in the store kept reasonably dry, cool and on the move. Corrugated paper and brown wrappings should be kept away from the main stores.

Bookcloths, tapers and thread should be kept in dust-free stores, at a temperature between 45° and 65° F. Bound books should be given time to dry before they are packed for despatch.

To clean bound books slightly damaged by mildew a clean linen pad carrying some cedarwood or clove oil, or saddle soap for leather bindings, are among Mr. Armitage's recommendations. Any such remedy should be tried out on a small section of the affected book first, and care should be taken to prevent mould spores from damaged books coming off them (as by brushing) and settling on uninfected books.

*Search for New Inhibitors* As regards the prevention of mould

* "The Cause of Mildew on Books and Methods of Prevention," by F. D. Armitage.

damage to bookbinding materials, it is pointed out that no one substance yet known will prevent mould from growing on books. Each material used must be treated with its own type of inhibitor, but the result of work now going on should be to enable the manufacturers of book-making, book-binding materials to supply, in the future, fully inhibited materials.

Moulds do not readily grow on the newer synthetically filled book-cloths, or on synthetic emulsion adhesives. In U. S., advantage is taken of best quality boards, nylon for sewing, and synthetic adhesives, but cost is still a factor to be considered here.

**Twin chicks hatched.**

While handling eggs from an incubator, an Australian poultry farmer was surprised to see one chipped on both sides.

He handled it carefully and gave the chicks a little help to break the shell.

Now he has twin Chinese Langshan chickens. They are abnormally small and are being mothered by a hen.

These twin chickens came from a brown-shelled egg weighing $2\frac{3}{4}$ ounces. Chick sexers say that double-yolked eggs usually weigh about four ounces but it is rarely that both yolks are fertile.

**Hard Stainless Steel.**

*Claims for New U. S. Proces.*

By a combination of extreme heat treatment and the deep-freeze principle an American company, the Robeson Cutlery Company, Perry, New York, claims to have overcome the comparative softness of stainless steel of the type used for cutlery and similar purposes. Knives made by the process are claimed to hold their keenness for three years and to be more resistant than conventional carbon steel.

Discussing the process, for which patent application has been made, Mr. Emerson E. Case, president of the company and originator of the method, states that tests and analyses so far indicate practically no difference in the composition or chemical characteristics of steel produced by the process and steel hardened by conventional methods. Tested on a standard Rockwell hardness testing machine, the new steel may show a hardness substantially the same as steel made by other process.

Knife blades are first heated to a temperature much higher than that normally employed for this process. The blades are then bathed in quenching oil, according to the usual process, at a temperature of 104° F. Then they are placed in a specially-constructed deep freeze chamber at sub-zero temperatures.

After a suitable period of freezing, they are again heated, to relieve the usual stresses and strains. The blades are allowed to cool gradually to room temperature. Finally, they are tempered in the conventional manner to the desired degree of hardness.

#### Plastic Piping.

Large-scale production of plastic piping for various industrial uses, is being carried out in Melbourne. Uses are for carrying distilled water, for beer out of barrels in hotels, and for fruit juices in cordial factories. It is under test for future use for both gas and water.

Plastic piping is six times lighter than metal and its installation cost is in line with that of metal pipe. An unusual application is its use for piping corbon dioxide, well known as a punishing material where metal pipes are concerned. This cellulose acetate butyrate pipe has big industrial possibilities.

Method of joining the lengths is by plastic sleeves, affixed with a special cement, which is plentiful locally. Special connectors have also been devoloped for joining this plastic piping to metal.

#### International Superphosphate Manufacturers' Association.

On the invitation of the Montecatini concern, a series of Technical Meetings of chemists and technical experts was held in Milan and Assisi between the 25th and 28th October, 1949.

Some hundred delegates from no less than seventeen different countries in Europe, Africa, Asia and Australasia attended. F. A. C. T. was represented by Mr. S. Nallaperumal, Superintendent in charge of Superphosphate manufacture in the factory.

While in Milan, a number of papers under three headings, namely: Sulphuric Acid, Phosphoric Acid and Triple Superphosphate and ordinary Superphosphate were presented and discussed.

Delegates then proceeded to Assisi in order to visit the completely reconstructed Superphosphate plant there which employs the Montecatini process for continuous production of Superphosphate, and on the way from Milan to Assisi, a visit was also paid to the Sulphuric works at Reggio Emilia.

Consideradle hospitality was shown to delegates by the Montecatini concern, who made all the arrangements for the meetings.

It is planned that the next series of Technical Meetings of the Association will take place in France in late September or early October, 1951, by invitation of the French Superphosphate producers.

---

The state of life is most happy where superfluities are not required and necessaries are not wanting.

— Plutarch.

UNIVERSITY LIBRARY 2 JAN 1950 MADRAS

# November News

## Distinguished Visitors.

I. Messrs. Edward Shim of the ECAFE, Bankok and Ignatiff of the F. A. O. both, branches of the United Nations Organisation visited the factory on the first of this month.

"I am very much impressed with the efficiency of the fertiliser plants of this company" writes Mr. Shim, and "Diligence, vision and ambition appear to be the Keynotes of this industry" remarks Mr. Ignatiff in the 'FACT' Visitors' Diary.

II. The Hon. Mr. N. Kunjuraman, Minister for Industries, U. S. T. C. accompanied by personal staff visited the factory on the 12th of this month. He was taken round by the Management to the various plants of the factory. The details connected with the working of each plant were explained to him by the Superintendents-in-charge of the respective plants.

The Minister evinced keen interest in the working of the factory and asked many questions concerning the manipulation of the plants out-turn, raw materials and other relevent problems in the day today working of the factory, and eventually recorded his impressions in our Visitors' Book as follows:--

> "I visited the factory today. I am really impressed with its working and to me it appears very good so far as it goes to produce the manures. A variety of by-products that come into being as a result of different operations still remain to be exploited to commercial advantage. I wish the Instituti n greater success and utility in the fulness of time."

After a stay of over two hours the Minister and staff left at about 12-20 P. M.

A photograph taken on the occasion is reproduced on the front cover page of this issue. In it are seen from left to right, Sri. P. Sreedharan Pillai, The Hon. Sri. N. Kunjuraman, Sri. P. K. Seshan, Sri. T. V. Doraiswamy and Sri. K. A. Varugis.

## Sports:

A triangular tournament for games as well as athletics was conducted this year under the auspices of the Royal Indian Navy, F. A. C. T., and the U. C. College, Alwaye. The Union Christian College, Alwaye won the trophies for games as well as sports rather comfortably this year. F. A. C. T., the winner of last year's trophy for games tied with the Royal Indian Navy this year with 10 points.

This year's tournament forcefully revealed some of our weak nesses, as well as our strength. The fact is that we have got only a limited number of really class sportsmen, and some of them are getting past their prime; but no fresh reinforcements are forthcoming to replace the old stalwarts. Our main strength lies however in our cheery optimistic spirit.

As regards the games proper, in football we were overwhelmed by the R. I. N. although we managed to draw with the U. C. College, while in hockey we beat the R. I. N. but in turn were beaten by the U. C. College to the tune of 1 goal to their 7. In cricket also we were most surprisingly beaten by the U. C. College, but the match with the R. I. N. ended in tie thanks to some inspired bowling in the closing half hour by Messrs. Raghavan and Ranganathan. In volley ball we put up a really good show winning a fine match in the R. I. N. although beaten, by the U. C. College. On our side Gopalan played magnificently.

Basket-ball is the one game where we showed striking improvement. We beat the R. I. N. and the U. C. College had to put forth their very best effort to win against us. Messrs. Satyanesan and K. M. Verghese were really outstanding, in this game.

**Marriage:**

The marriage of Sri. K. A. Nagendra Nayak of the Central Accounts F. A. C. T. with Sow. Manorama Bai, grand-daughter of Sri. N. Venkateswara Shenoy of Cochin was celebrated at the bride's residence, Edavazhikkal, Varapuzha on the 30th of this month, forenoon. There was also a grand garden-party in the evening at which many members of the Factory took part with good relish.

We offer the newly wedded couple our cordial felicitations.



Plantain bunch of the POOVAN variety produced at the Fact Experimental Garden by the copious use of Superphosphate.

# മിശ്രവളം

കണ്ണിൽ കണ്ടതും കയ്യിൽ കിട്ടിയതും ചേർത്ത്

## കമ്പോസ്റ്റ് വളം നിർമ്മിക്കുന്ന രീതികൾ.

1945-ലെ സ്ഥിതിവിവരണക്കണക്കുകളിൽനിന്ന് ജപ്പാനിൽ 148 ലക്ഷം ഏക്കർ കൃഷിചെയ്യുന്ന ഭൂമിയുണ്ടെന്നും അത്രയും സ്ഥലത്ത് 770 ലക്ഷം ടൺ മിശ്രവളം ഉണ്ടാക്കുന്നുണ്ടെന്നും കാണുന്നു. അതേകാലത്ത് ഇൻഡ്യയിൽ 2000 ലക്ഷത്തോളം ഏക്കർ സ്ഥലം കൃഷിചെയ്യുന്നുണ്ടെന്നും അവിടെനിന്നും കിട്ടുന്ന മിശ്രവളം 2000 ലക്ഷം ടൺ മാത്രമാണെന്നും കാണുന്നു. എന്നുതന്നെയുമല്ല, ജപ്പാൻകാരുണ്ടാക്കുന്ന വളത്തിൽ രണ്ടു ശതമാനം പാക്യജനകമുള്ളപ്പോൾ ഇൻഡ്യയിലുണ്ടാക്കുന്നതിൽ ഒന്നര മുതൽ ഒന്നേമുക്കാൽ ശതമാനം വരെ പാക്യജനകം മാത്രമാണുള്ളത്. ഇത്രയും പാക്യജനകം നീരുവലിഞ്ഞ (on dry basis) നിലയിലാണുള്ളത്.

ജപ്പാൻകാർ ഉപയോഗിക്കുന്ന വളത്തിൽ സർവ്വപ്രധാനമായത് മിശ്രവളമാകുന്നു. ജപ്പാൻകാർ നാടൻവളങ്ങളാണ് അധികമായി ഉപയോഗിക്കുന്നത്. ഏക്കർകണക്കിനു നോക്കുമ്പോൾ അവിടത്തെ വിളവുകൾ ലോകരംഗത്തിലെ മുന്നണിയിലാണ് നിലകൊള്ളുന്നത്.

കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണവും ഉണ്ടാക്കപ്പെടുന്ന മിശ്രവളവും കൂടി ഒത്തുനോക്കുമ്പോൾ ജപ്പാനിൽ ഏക്കറൊന്നിന് അഞ്ചിലധികം ടൺ മിശ്രവളവും ഇൻഡ്യയിൽ ഒരു ടൺ മിശ്രവളവും ആകുന്നു ഉണ്ടാക്കുന്നത്. ജപ്പാനിലുണ്ടാക്കുന്ന വളത്തിനു മേന്മയും കൂടുതലാണ്.

മിശ്രവളം ഉണ്ടാക്കുവാൻ വെറുതേ കളയുന്ന പല സാധനങ്ങളും ഉപയോഗിക്കാം. തിരുവിതാംകൂർ കൃഷിഡയറക്ടരായിരുന്ന മി. കുഞ്ഞൻപിള്ള പറഞ്ഞിരിക്കുന്നത് "കണ്ണിൽ കണ്ടതും കയ്യിൽ കിട്ടിയതും കാലിൽ തടഞ്ഞതും എല്ലാം ചേർക്കാം" എന്നാണ്. കൃഷിസ്ഥലത്തെ കളകളും വിളവുകളുടെ അവശിഷ്ടങ്ങളും തൂപ്പുകളും കുളപ്പായലും പുര മേയുമ്പോൾ കിട്ടുന്ന ഓലത്തുരുമ്പുകളും അറക്കപ്പൊടിയും ചകിരിച്ചോറും പഴയ പായ്, ചാക്ക്, തുണി മുതലായവയും എച്ചിലില കറിക്കു നുറുക്കിയതിൽ ബാക്കി തള്ളുന്നത് എന്നുവേണ്ട, നാം വെറുതേ കളയുന്നതെല്ലാം മിശ്രവളം ഉണ്ടാക്കേണ്ടതിലേക്ക് ഉപയോഗിക്കാം. "പലതുള്ളി പെരുവെള്ളം" എന്നു പറഞ്ഞതുപോലെ പല സാധനങ്ങളും പലപ്പോഴായി വളക്കുഴിയിലിട്ടാൽ അവസാനം ടൺകണക്കിന് മിശ്രവളമാണു കിട്ടുന്നത്. അതുകൊണ്ടാണ് മിശ്രവളം കൃഷകന്റെ സേവിങ്ങ്സ് ബാങ്കാണെന്ന് ഇംഗ്ലീഷ്കാർ പറയുന്നത്. (compost is the savings bank of the farmer)

മിശ്രവളത്തിനുപയോഗിക്കുന്ന സാധനങ്ങളിൽ മൂന്നു തരങ്ങളുണ്ടായിരിക്കും. 1. എളുപ്പത്തിൽ ചീഞ്ഞുചേരുന്ന മൃദുവായ ഭാഗങ്ങൾ. 2. നാരു കോച്ച. 3. കട്ടപ്പമേറിയ ഭാഗങ്ങൾ. ഉദാഹരണമായി ഒരു വെണ്ടച്ചെടിയുടെ ഇലകൾ വേഗം ചീഞ്ഞുചേരും; പിന്നെ നാരും കോച്ചയും. അവസാനമാണ് അതിന്റെ മരം (woody portion) നുറുങ്ങി പൊടിഞ്ഞുചേരുന്നത്. അതുകൊണ്ടു് മാർദ്ദവമേറിയ ഭാഗങ്ങൾ ധാരാളം ചേർന്നാൽ വളം വേഗത്തിൽ അളിഞ്ഞുചേരുവാൻ എളുപ്പമാണ്. മിശ്രവളം ഉണ്ടാക്കുവാൻ ഉപ

യോഗിക്കുന്ന സാധനങ്ങൾ ചെറുതുണ്ടുകളായി കൊത്തിനുറുക്കിയിടുന്നതു് വേഗം പാകപ്പെട്ടു കിട്ടുവാൻ നല്ലതാകുന്നു. ഉദാഹരണമായി, കുലവെട്ടിയ ഒരു വാഴ അങ്ങനെതന്നെ ഇടുന്നതിനേക്കാൾ വെട്ടിയരിഞ്ഞിടുന്നതാണ് നല്ലതു്.

മിശ്രവളം ഉണ്ടാക്കുന്നതു പ്രധാനമായി രണ്ടു തരത്തിലാണ്. 1. ഇൻഡോർ രീതി (Indore method) 2. ഫൌളർ സമ്പ്രദായം (Fowler method). ഒന്നാമത്തേതാണ് എളുപ്പമായ രീതി. പക്ഷെ, വളം വേഗത്തിൽ പാകപ്പെട്ടുകിട്ടുവാൻ രണ്ടാമത്തേതാണ് നല്ലതു്.

## ഇൻഡോർ രീതി

ഇതിൻെറ പേരിൽനിന്നുതന്നെ, പരീക്ഷണം നടത്തിയ സ്ഥലം മനസ്സിലാക്കാം. സൗകര്യമായ ദീർഘവിസ്താരവും രണ്ടടി ആഴവുമുള്ള കുഴികൾ വേണം. കുഴിയിൽ ഒന്നാമതായി ഒരു നിര (സുമാർ മൂന്നിഞ്ചു ഘനം) ചവറു നിരത്തുക. മീതെ ചാരമോ മൂത്രം നനഞ്ഞ മണ്ണോ വിതറുക. അതിനുമീതെ ഒരു നിര ചാണകം (രണ്ടിഞ്ചു ഘനം) നിരത്തണം. പിന്നെ സാവധാനത്തിൽ വെള്ളംതളിച്ചു നനയ്ക്കണം. ഇങ്ങനെ അട്ടക്കട്ടക്കായി കുഴി നിറയ്ക്കേണ്ടതാണ്. ഓരോ അട്ടക്കും വെള്ളം തളിച്ചു നനയ്ക്കണം. അവസാനം മൂത്രം നനഞ്ഞ പട്ടക്കയും (കന്നുകാലികൾക്കു് കിടക്കുവാൻ വിരിച്ചുകൊടുക്കുന്ന വൈക്കോൽ ചണ്ടു് മുതലായവ) ചാണകവും നിരത്തി ഒരു നിര മണ്ണുകൊണ്ടു മൂടിയിടണം. നനയ്ക്കുമ്പോൾ വെള്ളം ഒന്നായി ഒഴിക്കരുതു്. രണ്ടുമൂന്നു പ്രാവശ്യമായി സാവധാനത്തിൽ തളിച്ചു നനയ്ക്കണം. ആദ്യത്തെ മൂന്നു ദിവസം വളക്കൂട്ടു് രണ്ടു നേരവും നനയ്ക്കണം. പിന്നെ മാസത്തിൽ രണ്ടുമൂന്നു തവണ നനച്ചാൽ മതിയാകും.

പാകംപോലെ ഈർപ്പവും വായുസഞ്ചാരവുമുണ്ടെങ്കിൽ വളക്കൂട്ടു് വേഗത്തിൽ അളിഞ്ഞുചേന്നു് പാകംവരും. വളം പാകപ്പെടുത്തിയതിൻെറ ലക്ഷ്യം ചൂടുപൊന്തലാണ്. വളക്കൂട്ടിൽ ഒരു കുടക്കമ്പി താഴ്ത്തിയാൽ ചൂടു പിടിക്കും. കുതിര ച്ചാണകം ഉപയോഗിച്ചാൽ ശക്തിയായ ചൂടുണ്ടാകും. അതിൽ ഒരു കിഴങ്ങിട്ടാൽ വെന്തുപോകും. രാവിലെ നോക്കിയാൽ കുതിരലായത്തിൽനിന്നും പുക പൊന്തുന്നതു കാണാം. മിശ്രവളമുണ്ടാക്കുമ്പോൾ ചാണകത്തിൻെറ സ്ഥാനത്തു് കുതിരലത്തിയോ, ആട്ടു്, കോഴി, താറാവു് ഇവയുടെ കാഷ്ടമോ ചേക്കാം. മൂത്രം കൂടക്കൂടെ തളിച്ചാൽ വളത്തിനു വീര്യം കൂടുന്നതാണ്.

കൂട്ടം നനവും ശരിയാണെങ്കിൽ വളക്കൂട്ടു് വേഗത്തിൽ നിറം മാറിത്തുടങ്ങും. ഒരു മാസംകൊണ്ടു് കറുത്തിരുണ്ടു പൊടിഞ്ഞുതുടങ്ങും. 15 ദിവസം കൂടുമ്പോൾ വളം കിളച്ചു മറിച്ചു് വീണ്ടും കൂട്ടിയിട്ടു് തളിച്ചു നനയ്ക്കണം. ഇങ്ങനെ ചെയ്യുന്നതു് വളത്തിൻെറ എല്ലാ ഭാഗവും ഒരുപോലെ വായുവും നനവും തട്ടി പാകപ്പെടുവാൻ വേണ്ടിയാകുന്നു. ഇങ്ങനെ രണ്ടു മാസം കഴിഞ്ഞാൽ വളം കുന്നുകൂട്ടിയിടണം. അടിവശംകൊണ്ടു് പത്തടിയും മേൽവശംകൊണ്ടു് ഒൻപതടിയും വിസ്താരം വേണം. മൂന്നടി പൊക്കമാകാം. ഇത്തരം കൂമ്പാരങ്ങളായി കൂട്ടി വെള്ളം തളിച്ചു നനയ്ക്കുക. മാസത്തിൽ രണ്ടു മൂന്നു തവണ ഇങ്ങനെ ചെയ്താൽ വളം പൂർണ്ണമായി പാകപ്പെട്ടു് ഉപയോഗിക്കത്തക്ക നിലയിലാകും.

## ഫൌളർ സമ്പ്രദായം

ഈ പദ്ധതി ഡോക്ടർ ഫൌളർ എന്നൊരാളാണ് കണ്ടുപിടിച്ചു് നടപ്പിലാക്കിയതു്. ഇതിനു സമയം കുറവും കൂലിച്ചിലവു് കൂടുതലായുമിരിക്കുമെന്നു് മുമ്പു പറഞ്ഞുവല്ലോ. വളം (ചപ്പു ചവറു്) ആറടി വിസ്താരവും രണ്ടടി ഉയരവുമുള്ള കൂമ്പാരങ്ങളായി കൂട്ടി മൂത്രമൊ ചാണകവെള്ളമൊ കൊണ്ടു നനയ്ക്കണം. കൊഴുത്ത ചാണകവെള്ളംകൊണ്ടു നനയ്ക്കുന്നതു്

അധികം നനായിരിക്കും. വളം ദിവസേന മറിച്ചിളക്കി നനയ്ക്കണം. ഇപ്രകാരം ചെയ്താൽ വളം രണ്ടു മാസംകൊണ്ടു് നല്ലവണ്ണം അളിഞ്ഞു പാകപ്പെട്ടു് ചാണകംപോലെയാകും. ജയിലുകൾ, മുനിസിപ്പാലിററികൾ ഇവിടെയെല്ലാം ഈ പദ്ധതി നടപ്പിൽ വരുത്തണം. ജയിലുകളിൽ ധാരാളം മനുഷ്യമൂത്രവും ചപ്പുചവറുകളും വേലയ്ക്കു് ആളുമുള്ളതിനാൽ അവിടെ ഈ പദ്ധതി സാദ്ധ്യമാണു്. അതുപോലെതന്നെ ധാരാളം ചപ്പുചവറുകളും തോട്ടിവേലക്കാരും ഉള്ള നിലയ്ക്കു് മുനിസിപ്പാലിററികൾക്കും ഇതു സാദ്ധ്യമാണു്.

മിശ്രവളനിർമ്മാണം ശരിയായി തുടങ്ങുനാപക്ഷം വളത്തിനുള്ള ആവശ്യത്തിൻെറ ഒരു പ്രധാനഭാഗം നിറവേററാം. മലയാളക്കരയിൽ തെങ്ങും വാഴയും പ്രധാനമാണു്. ഓണക്കാലത്തു് എത്ര നേന്ത്രക്കായാണു് ഓരോ സ്ഥലത്തും വെട്ടുന്നതു്. പലേടത്തും വാഴപ്പിണ്ടിയും വാഴക്കച്ചിലും വെറുതേ കളയുന്നു. വാഴപ്പിണ്ടിയിൽ പൊട്ടാഷു്, ഭാവഹം ഇവ ഗണ്യമായ തോതിലുണ്ടെന്നു് കണ്ടുപിടിച്ചിരിക്കുന്നു. ആ നിലയ്ക്കു് വെട്ടുന്ന വാഴയും കച്ചിലുമെല്ലാം കൊത്തിയരിഞ്ഞു്, മൂത്രവും ഉപയോഗിച്ചു് മിശ്രവളമുണ്ടാക്കി തെങ്ങിനുപയോഗിക്കുനാപക്ഷം വളം വാങ്ങിയിടേണ്ട പണച്ചെലവും ബുദ്ധിമുട്ടും വളരെ കുറയ്ക്കാം. ഇങ്ങനെ തെങ്ങുകൾക്കു വേണ്ട വളാംശങ്ങൾ കൊടുക്കുന്നതിനുപുറമേ, മിശ്രവളം മണ്ണിൻെറ ബാഹ്യപ്രകൃതി നന്നാക്കുകയും ജലഗ്രഹണശക്തി വർദ്ധിപ്പിക്കുകയും മണ്ണിനാനുകൂലമായ അണുപ്രാണികളുടെ പ്രവർത്തനത്തെ സഹായിക്കുകയും ചെയ്യും. മണ്ണിൻെറ ബാഹ്യപ്രകൃതി നന്നാക്കുന്നതു് വളാംശങ്ങൾ പ്രദാനം ചെയ്യുന്നതുപോലെതന്നെ വളരെ പ്രാധാന്യമേറിയ ഒന്നാകുന്നു. തെങ്ങൊന്നിനു് വർഷംപ്രതി 3-4 കൊട്ട മിശ്രവളം ഇട്ടുകൊടുത്താൽ അതിൻെറ ഗുണം പ്രത്യേകം കാണാം. രണ്ടുമൂന്നു കൊല്ലംകൊണ്ടു് തല കവർത്തിരുണ്ടു് കായ്ഫലം നിറഞ്ഞുകാണാം.

ക്ഷാരം (പൊട്ടാഷ്) തെങ്ങിനു് അത്യാവശ്യം വേണ്ട ഒരു വളാംശമാകുന്നു. പാക്യജനകവും ക്ഷാരവും അടങ്ങിയ വളങ്ങൾ ഇട്ടുനോക്കിയതിൽ തെങ്ങിനു വളരെയധികം ഗുണം കാണുകയുണ്ടായി. മൂത്രത്തിൽ ധാരാളം പാക്യജനകവും വാഴനാരിൽ ക്ഷാരവും ഉള്ള സ്ഥിതിക്കു് ഇവ രണ്ടും കുറേശ്ശെ ചാരവും കൂട്ടിച്ചേർത്തുണ്ടാക്കിയ മിശ്രവളം തെങ്ങിനു വളരെ നല്ലതാണു്. അതുകൊണ്ടു് കേരളീയർ വാഴത്തടിയും മൂത്രവും ഇപ്പോൾ ചെയ്തുവരുന്നതുപോലെ ഉപയോഗശൂന്യമായി കളയാതെ മിശ്രവളമുണ്ടാക്കി അവരുടെ സർവ്വസമ്പത്തായ തെങ്ങിനു കൊടുക്കണം. ഇക്കാര്യത്തിൽ സ്കൂളുകൾ, ആഫീസുകൾ, മുനിസിപ്പാലിററികൾ മുതലായ സ്ഥാപനങ്ങൾ ഒത്തൊരുമിച്ചു പ്രവർത്തിച്ചു് മൂത്രവും ചപ്പുചവറുകളും വെറുതെ കളയാതെ ഉപയോഗപ്പെടുത്തണം. മഴക്കാലത്തു് മിശ്രവളം ഷെഡ്ഡുകളിൽവച്ചു മാത്രമേ നിർമ്മിക്കാവൂ. (ഇൻഡ്യൻ കേന്ദ്ര നാളികേരക്കമ്മിററി ബുള്ളററിൻ)

# കാർഷികസ്ഥിതി പരിഷ്കരിക്കാൻ

## കുമരപ്പ കമ്മിററിയുടെ നിർദ്ദേശങ്ങൾ.

"കൃഷിഭൂമി കൃഷിക്കാരനുള്ളതാകുന്നു; കൃഷിക്കാരനും ഗവണ്മെണ്ടും തമ്മിലുള്ള ബന്ധത്തിൽ മദ്ധ്യവർത്തിക്ക് സ്ഥാനമില്ല" എന്ന് കോൺഗ്രസ് നിയമിച്ച കാർഷിക കമ്മിററി റിപ്പോർട്ടു ചെയ്തിരിക്കുന്നു.

കൂട്ടുകൃഷി വ്യവസ്ഥകൾ, കാർഷികോല്പാദനം വർദ്ധിപ്പിക്കാനുള്ള വഴികൾ, ചെറിയ ഖണ്ഡങ്ങളായുള്ള ഭൂസ്വത്തുക്കളുടെ നില, സ്വന്തം ഭൂമിയില്ലാത്ത കൃഷിക്കാരുടെ നില എന്നിവയെ സംബന്ധിച്ച് ആലോചിക്കാനും കമ്മിററിയോടാവശ്യപ്പെട്ടിരുന്നു. ജെ. സി. കുമരപ്പയായിരുന്നു കമ്മിററിയുടെ പ്രസിഡണ്ട്.

തുടർച്ചയായി 6 കൊല്ലത്തോളം കൃഷി നടത്തിവന്നവർക്കെല്ലാംതന്നെ തികച്ചും ഭൂമിയുടമസ്ഥത ലഭിക്കേണ്ടതാണെന്ന് കമ്മിററി അതിന്റെ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്നു. സ്വന്തമായിത്തന്നെ നേരിട്ടു കൃഷി നടത്തുന്നവരായ ഭൂമിയുടമസ്ഥന്മാരുടെ ഉടമാവകാശം മാത്രമേ വകവച്ചു കൊടുത്തുകൂടു. സ്വന്തമായുള്ള ഈ കൃഷിത്തൊഴിലിനെ സ്വയംപര്യാപ്തമാക്കുവാൻ ആവശ്യമായെടത്തോളം ഭൂമികൾ മാത്രം സ്വന്തമായി വെയ്ക്കാൻ ഭൂമിയുടമസ്ഥന് അനുവാദം നൽകാവുന്നതാകുന്നു. ന്യായമായ ഒരു വിലയ്ക്ക് ഭൂമി വിലയ്ക്കുവാങ്ങാൻ കഴിയുന്ന അവകാശമുണ്ടായിരിക്കണം. ഓരോ സ്ഥലത്തേയും ഭൂമിവില നിശ്ചയിക്കുന്നതിനുവേണ്ടി ഒരു കോടതിയെ നിയമിക്കുകയും ഈ കോടതി നിശ്ചയിക്കുന്ന വില സ്വീകരിക്കപ്പെടുകയുംവേണം. എല്ലാ തരത്തിലുള്ള കുടിയൊഴിപ്പിക്കലിനേയും ഉടൻ നിരോധിക്കണം; ഓരോ സ്ഥലത്തേയും ഭൂമിയുടമസ്ഥന്മാരുടെ ഉടമാവകാശത്തെ സംബന്ധിക്കുന്ന റിക്കാർഡുകൾ തയ്യാറാക്കാനായി കുറെ കോടതികളെ നിയമിക്കണം. അതാതു സ്ഥലത്തെ പൊതുജനാഭിപ്രായമറിയാനായി ഓരോ സ്ഥലത്തുനിന്നും ചിലരെ ഈ കോടതികളിൽ നിയമിക്കാവുന്നതാകുന്നു—ഇതൊക്കെയാണ് കമ്മിററിയുടെ മററു ശുപാർശകൾ.

ഇന്ത്യയിൽ നാനാഭാഗങ്ങളിലും വ്യത്യസ്തസ്ഥിതികൾ നിലവിലുള്ളതുകൊണ്ട് പൊതുവേ ഒരേ ഒരു വ്യവസ്ഥ നടപ്പിൽ വരുത്തുന്നതു ശരിയായിരിക്കുന്നതല്ല. (1 കൃഷിക്കാരന് വളർന്നുവരാൻ സൗകര്യമുണ്ടായിരിക്കണം (2) ഒരു ജനവിഭാഗം മററൊരു ജനവിഭാഗത്തെ ചൂഷണംചെയ്യുന്നതിന് സൗകര്യമുണ്ടായിരിക്കരുത്. (3) ഉല്പാദനത്തെ അങ്ങെഅററത്തോളം വർദ്ധിപ്പിക്കണം. (4) കാർഷികസ്ഥിതിയിൽ വരുത്തുന്ന പരിഷ്കാരങ്ങൾ ഉടൻ നടപ്പിൽ വരുത്താൻ സാധിക്കുന്നവയായിരിക്കണം. ഈ നാലു സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയാണ് നടപടികളെടുക്കേണ്ടതെന്ന് കമ്മിററി നിർദ്ദേശിച്ചിരിക്കുന്നു. ന്യായമായ നിലയിൽ ജീവിക്കുന്നതിനു വേണ്ട വരുമാനമുണ്ടാകുന്നതിനാവശ്യമായ ഭൂമി—ഇതാണ് സ്വയംപര്യാപ്തമായ കൃഷിഭൂമിയെന്നതിന് കമ്മിററി നൽകുന്ന നിർവചനം. ഒരു സാധാരണ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ഇതിൽനിന്ന് തൊഴിൽ ലഭിക്കുകയും വേണം. ചുരുങ്ങിയതു് ഒരു ജോടി കാളയെ പോററാൻ ഈ ഭൂമികൊണ്ടുതന്നെ സാധിക്കുകയും വേണം. ഇതാണ് ഒരു കൃഷിക്കാരനാവശ്യമായ ഭൂമിയെന്നതെ പ്രശ്നത്തെപ്പററി കമ്മിററി പറയുന്നതു്.

ഒരു കൃഷിക്കാരന് ചുരുങ്ങിയതു് ഇത്ര ഭൂമി വേണമെന്നു നിശ്ചയിക്കണം. ഇതിൽ കവിഞ്ഞുള്ള ഭൂമികൾ വാങ്ങുന്നതിനെ സംബന്ധിച്ചും കമ്മിററി ചില നിബന്ധനകൾ നിർദ്ദേശിക്കുന്നു

ണ്ട്. എത്ര ഭൂമി വേണമെങ്കിലും വാങ്ങാൻ അനുവാദമുണ്ടായിക്കൂടാ. സ്വയം പര്യാപ്തമായ ഭൂമിയുടെ മൂന്നിരട്ടിയോളം വാങ്ങുന്നതിന് അനുവദിക്കാം. കൂട്ടുകുടുംബങ്ങൾ, ധർമ്മസ്ഥാപനങ്ങൾ എന്നിവയുടെ കാര്യത്തിൽമാത്രം പല പ്രത്യേക പരിഗണനകൾ നൽകാവുന്നതാകുന്നു.

സ്വയംപര്യാപ്തമായ ഭൂസ്വത്തുക്കളില്ലാത്തവർക്ക് പരസ്പരസഹായ വ്യവസ്ഥയനുസരിച്ച് കൂട്ടുകൃഷികളിൽ ഏർപ്പെടാവുന്നതാകുന്നു. ഗവൺമെണ്ട് അതിനു സൌകര്യം നൽകണം.

ഗ്രാമീണജനതയുടെ കടഭാരത്തെ നീക്കംചെയ്യുന്നതിനുവേണ്ടി കൃഷിക്കാർക്ക് പണം കൊടുക്കുന്നവരുടെമേൽ ചില നിബന്ധനകൾ ചുമത്തേണ്ടതാകുന്നു. എന്നാൽ കൃഷിനടത്താൻ വേണ്ടുന്ന മററു കടസഹായങ്ങൾക്ക് ഏർപ്പാടുണ്ടായിരിക്കണം. കൃഷിക്കാർക്ക് എല്ലാത്തരം കടസഹായം ലഭിക്കുകയും വേണം.

കാർഷികത്തൊഴിലാളികളുടെ കൂലി നിശ്ചയിക്കുക, ജോലിയില്ലാത്ത അവസരങ്ങളിൽ അവർക്ക് തൊഴിലിനു വകയുണ്ടാക്കികൊടുക്കുക, വില പരിഷ്കരിച്ച് മററു കൃഷിക്കാരന് ഒരു ന്യായമായ വരുമാനം ഉറപ്പിക്കുക ഇതൊക്കെയാണ് കമ്മിററി നിർദ്ദേശിക്കുന്ന ചില നടപടികൾ.

കൃഷി സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കാൻ പ്രത്യേക സൌകര്യമുണ്ടായിരിക്കേണ്ടതാണെന്നും കമ്മിററി ശുപാശ ചെയ്തിരിക്കുന്നു.

"കൃഷിക്കാരൻെറ പൊതുവേയുള്ള ജീവിതനിലയെ ഉയർത്താതെ ഒരു കാർഷിക പരിഷ്കാരവും ഫലിക്കാൻപോകുന്നില്ല. കൃഷിത്തൊഴിലിനെ കേന്ദ്രമാക്കിക്കൊണ്ടുള്ള ഒരു അടിസ്ഥാനവിദ്യാഭ്യാസപദ്ധതി നടപ്പിൽ വരുത്തിയും ആരോഗ്യത്തെ നന്നാക്കാനുള്ള സൌകര്യങ്ങൾ ഏർപ്പെടുത്തിയും ഗ്രാമപ്പഞ്ചായത്തുകളെ വളർത്തിയും കൃഷിക്കാരൻെറ ജീവിതത്തെ സൌഭാഗ്യപൂർണ്ണമാക്കേണ്ടതാണ്" എന്ന നിർദ്ദേശത്തോടുകൂടി കമ്മിററി റിപ്പോർട്ടു അവസാനിപ്പിക്കുന്നു.

കൃഷിയെസംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാൻ പ്രത്യേക ഏർപ്പാടുകൾ ഉണ്ടായിരിക്കണമെന്ന് കമ്മിററി നിർദ്ദേശിക്കുന്നു.

ഇന്ത്യയിലെ കൃഷി ഇന്നും വളരെ നൂററാണ്ടുകാലം മുമ്പുള്ള സ്ഥിതിയിൽ തന്നെ കിടക്കുന്നു. ലോകത്തിലെ പല രാജ്യങ്ങളിലും കൃഷി വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. ഉല്പാദനം എത്രയോ അധികരിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഉല്പാദനം അധികരിച്ചിട്ടില്ലെന്നുമാത്രമല്ല, കുറയുകകൂടി ചെയ്തിരിക്കുന്നു. എന്താണ് ഇതിനു കാരണം? കൃഷി വദ്ധിക്കുന്നതിനു പകരം കുറഞ്ഞുവരികയാണ്. കൃഷിയിൽനിന്നുള്ള വരുമാനംകൊണ്ട് ഉപജീവനം കഴിക്കാൻ സാധിക്കണമെങ്കിൽ ഈ സ്ഥിതി മാറണം. കൃഷി ഒരു ആദായകരമായ തൊഴിലായിത്തീരണം. ഇതിന് ഒരു നിയമനിർമ്മാണം ആവശ്യമാണ്. എന്നാൽ നിയമനിർമ്മാണംമാത്രംകൊണ്ടു കാര്യം സാധിക്കുന്നതല്ലെന്ന് കമ്മിററി ചൂണ്ടിക്കാണിക്കുന്നു. സ്വന്തം ഭൂമിയില്ലാത്ത കൃഷിത്തൊഴിലാളികളെ സംഘടിപ്പിക്കാനായി ഒരു പ്രത്യേക തൊഴിലാളിസംഘടന ആവശ്യമാണെന്ന് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഈ തൊഴിലാളിസംഘടന തികച്ചും സ്വതന്ത്രമായി നില്ക്കേണ്ടതുണ്ടെങ്കിൽകൂടിയും നഗരങ്ങളിലെ തൊഴിലാളി സംഘടനയുമായി കേവലം ബന്ധമില്ലാതെ നിൽക്കുന്നതു് ശരിയായിരിക്കുന്നതല്ല.

വില പരിഷ്ക്കരിച്ചും മററും കൃഷിക്കാരന് ഒരു ശരിയായ വരുമാനം ഉറപ്പിക്കുക; വില ഇൻഷൂർ ചെയ്യുന്നതിന് വ്യവസ്ഥചെയ്യുക; കാർഷികോല്പന്നങ്ങളുടേയും വ്യവസായോല്പന്നങ്ങളുടേയും വിലകൾതമ്മിൽ പൊരുത്തമുണ്ടാക്കുക എന്നിവയാകുന്നു കമ്മിററിയുടെ മററു ശുപാർശകൾ.

# ഉപ്പുവ്യവസായം.

തിരുവിതാംകൂറിൽ ഇപ്പോൾ 590 ഏക്കർ സ്ഥലത്തു് ഉപ്പുകൃഷി ചെയ്തുവരുന്നു. ഈ സ്ഥലങ്ങളിൽനിന്നും ആണ്ടിൽ 16 ലക്ഷം മന്നു് ഉപ്പു് ശരാശരി ഉല്പാദിപ്പിക്കപ്പെടുന്നു. 1 മന്നു ഉപ്പിന്റെ ഉല്പാദനത്തിനു് ഇപ്പോൾ കണക്കാക്കപ്പെട്ടിരിക്കുന്നതു് 10 അണയാണു്. നികുതി നിർത്തിയതുമൂലം ഗവമ്മെന്റിനു് ഈ ഇനത്തിൽനിന്നും കാര്യമായ നഷ്ടം നേരിട്ടിട്ടുമുണ്ടു്. ഇപ്പോൾ ഇതിൽനിന്നും ഗവമ്മെന്റിനു കിട്ടുന്നതു് 500000 രൂപാ മാത്രമാണു്. യൂണിയൻ പ്രദേശത്തേയ്ക്കു് 20ലക്ഷം മന്നു ഉപ്പു് ആവശ്യമുണ്ടു്. ഈ ഉപ്പു് നാഗർകോവിലിൽനിന്നും കൊണ്ടുപോകുന്നതും ദൂരത്തിന്റെ കൂടുതൽ കുറവനുസരിച്ചു് വിലവ്യത്യാസം ഉള്ളതുമാകുന്നു. ഉപ്പുവ്യവസായത്തെപ്പററി നിർദ്ദേശങ്ങൾ നൽകാനായി ഇൻഡ്യാഗവമ്മെന്റു് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടു്. ഇൻഡ്യയ്ക്കു ആവശ്യമുള്ള ഉപ്പു മുഴുവൻ ഇൻഡ്യയിൽ ഉണ്ടാക്കപ്പെടുന്നില്ല. ഇൻഡ്യയുടെ ആവശ്യം നിറവേററത്തക്കവണ്ണം ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താനായി സത്വരമായ ആലോചനയുണ്ടു്. ഉപ്പിന്റെ വിലയിൽ നമ്മുടെ യൂണിയൻ സംസ്ഥാനത്തെപ്പോലെ ഇൻഡ്യയുടെ ഇതരഭാഗങ്ങളിലും വ്യത്യാസം കാണുന്നുണ്ടു്.

ചിറവൂർ താലൂക്കിലും തിരുവനന്തപുരത്തും തിരുനൽവേലിയിലും ഒരേ അളവു് ഉപ്പിനു് വലുതായ വിലവ്യത്യാസം കാണുന്നു. താമരഅളത്തിൽ മനൊന്നിനു് 1 രൂപാ 4 ണ.യും തൂത്തുക്കുടി അളത്തിൽ 12 ണ. 6പൈയും വിലയുണ്ടു്. മലബാറിൽ ഉപ്പു് മനൊന്നിനു് 1 രൂപാക്കു കിട്ടുമെന്നുള്ളതും അതിനു സമീപത്തുള്ള യൂണിയൻ പ്രദേശത്തു് മനൊന്നിനു് 2 രൂപാ 4 ണ. വിലയുള്ളതുമാകുന്നു ഇപ്രകാരമുള്ള വിലവ്യത്യാസം നിലനിന്നുപോരുന്നതു് ഗവമ്മെന്റു് ബലവത്തായ തീരുവസ്ഥലങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ടാണു്. തീരുവസ്ഥലങ്ങൾ സർവ്വവും മാററി ഇൻഡ്യ ഒന്നാകുമ്പോൾ തൂത്തുക്കുടി മുതലായ സ്ഥലങ്ങളിലെ ഉപ്പു് തിരുവിതാംകൂറിലെ ഉപ്പുവ്യവസായത്തെ സാരമായി വിഷമിപ്പിക്കുന്നതാണു്.

തിരുവിതാംകൂറിലുള്ള മഴക്കൂടുതൽ കൊണ്ടു് ആണ്ടിൽ 6 മാസംപോലും രണ്ടുപണികളിലായി ഉപ്പുവാരുവാൻ സാധിക്കുന്നില്ല. നിമ്നോന്നതമായ ഭൂമിയുടെ കിടപ്പുകൊണ്ടും ചാനൽ വെള്ളത്തിന്റെ ഊററുകൊണ്ടും ഉപ്പുവെള്ളസംഭരണ വിഷമതകൊണ്ടും തൂത്തുക്കുടിയെ അപേക്ഷിച്ചു് നമ്മുടെ ഉപ്പുകൃഷിസ്ഥലങ്ങളിൽ കാലോചിതമായി അനവധി പണം മുടക്കി കൃഷി ചെയ്യേണ്ടതായിട്ടുണ്ടു്. ഉപ്പുവെള്ളം ഭൂഗർഭത്തിൽനിന്നും കിട്ടാൻ അനേകസ്ഥലങ്ങൾ കുഴിച്ചു് നിരാശപ്പെട്ടു. ഏതെങ്കിലും ഭാഗ്യവശാൽ രണ്ടോ മൂന്നോ കുഴൽകിണറുകൾ കിട്ടുന്നതിൽനിന്നും എഞ്ചിൻമൂലം പമ്പുവച്ചു് ഇറച്ചുകാച്ചി, വെള്ളത്തെ വിതരണംചെയ്തു് ഉപ്പുവാരുന്ന അളങ്ങളാണു് തിരുവിതാംകൂറിൽ ഉള്ളതു്. തൂത്തുക്കുടിയിൽ സ്വതസ്സിദ്ധമായ വിശാലപ്രദേശത്തു് കടലടികൊണ്ടു കരേറിവരുന്ന വെള്ളം സംഭരിച്ചു് മഴക്കുറവിനാൽ ആണ്ടിൽ പത്തു മാസവും വാരി മുതലെടുക്കുന്ന ഏർപ്പാടു് വ്യവസായികൾക്കു് ഒരു അനുഗ്രഹമായിരിക്കുന്നു. ഇപ്രകാരമുള്ള രണ്ടു വശങ്ങളും, തൂത്തുക്കുടി ഉപ്പിന്റെ ഇറക്കുമതിയെപ്പററിയും ഇവിടത്തെ ഉപ്പിന്റെ വിലക്കൂടുതലിനെപ്പററിയും ഗവമ്മെന്റു് പര്യാലോചിക്കേണ്ട ഒരു പ്രധാന വിഷയമാണു്.

കണ്ണൻദേവൻ തോട്ടങ്ങളുടെ ഉടമ്പടിയെപ്പോലെ പരിഗണിച്ചു് ഉപ്പു

ലൈസൻസികളുടേയും കാലാവധി തീരുന്ന അവസരത്തിൽ ഉടമ്പടി പുതുക്കാതെ സർക്കാരിലേക്ക് എടുക്കാമെന്നുള്ളതും മിക്കവാറുമുള്ള ലൈസൻസികൾക്ക് 30 വർഷത്തിനു മേലുള്ള കാലാവധി തീർന്നിട്ടുള്ളതുമാകുന്നുവെന്നും പ്രസ്താവിച്ചുകൊള്ളുന്നു.

കമ്പനിഅളത്തിലെ കാലാവധി തീർന്നാപക്ഷം അവയ്ക്കുള്ള പൊന്നുംവിലയും കൊടുത്ത് സർക്കാരിൽനിന്നും എടുത്ത് ഒരു വില നിശ്ചയിച്ച് തിരുവിതാംകൂറിലെ ഉപ്പുലൈസൻസികളെല്ലാം ഓഹരി എടുത്ത ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യണം. കമ്പനിഅളം സർക്കാർ വകയാക്കി ഭൂരിപക്ഷം സർക്കാരും ഓഹരി എടുക്കണം. ഓരോ അളത്തിലും വിളഞ്ഞുകിട്ടുന്ന ഉപ്പ് ചാക്കൊന്നിന് 2 രൂപാ വിലവച്ച് സംഘത്തിലേക്കു വില്ക്കണം. അപ്രകാരം തിരുവിതാംകൂറിൽ ഉണ്ടാകുന്ന എല്ലാ ലൈസൻസികളുടേയും ഉപ്പ് ടി സംഘത്തിൽനിന്നും യൂണിയൻ പ്രദേശത്തുള്ള സർവ് താലൂക്കുബാങ്കുകൾക്കും ആവശ്യാനുസരണം മുഴുവനും വിതരണം ചെയ്യണം.

ടി. സഹകരണസംഘത്തിൽനിന്നും ചാക്കൊന്നിന് അര രൂപാവീതം കണക്കാക്കി ആണ്ടുതോറും ഗവമ്മെൻറിലേക്ക് അടയ്ക്കണം. ഗവമ്മെൻറ് സെൻറാന്നിന് 2 മന്നു മുതൽ 6 മന്നു വരെയുള്ള നികുതി ഇപ്പോൾ ഈടാക്കിവരുന്നുണ്ട്. അപ്രകാരമുള്ള നികുതി ഏകീകരണംകൊണ്ട് കുറച്ചുകൂടെ കിട്ടാവുന്നതും അപ്രകാരം കിട്ടുന്ന ഇപ്പോഴത്തെ സംഖ്യയായ 500000 രൂപായിൽ കൂടുതൽ വരവായി വരുമെന്നുള്ളതുമാകുന്നു. യൂണിയൻ സംസ്ഥാനത്തേക്ക് 2000000 മന്ന് ആണ്ടോടാണ്ട് ചിലവുള്ളതും ആയതിലേക്കായി പ്രസ്തുത സഹകരണസംഘം 500000 രൂപാ കൊടുക്കുമെന്നുള്ളതും അപ്രകാരം ഗവമ്മെൻറിന് തീച്ചയായും 1000000 രൂപായിൽ കുറയാത്ത സംഖ്യ ശാശ്വതവരവായി തീരുമെന്നുള്ളതും ആകുന്നു. ഇപ്പോൾ മന്നൊന്നിന് ഒന്നേകാൽ രൂപാ വിലയായി പറയുന്നുവെങ്കിലും 1 രൂപാ മാത്രമെ ലൈസൻസിക്ക് കിട്ടുന്നുള്ളു. അളങ്ങൾക്ക് വിദ്യുച്ഛക്തി കൊടുക്കുന്നതുമൂലം വെള്ളം ഇറപ്പിലേക്കായുള്ള ഒരു ചിലവ് വലുതായി കുറയുമെന്നുള്ളതാകുന്നു. ഉപ്പ് ട്രാൻസ്പോർട്ടിലേക്കായി ലോറികൾ, പത്തേമാരികൾ മുതലായ വഹനങ്ങൾ സംഘത്തിൻെറ ഏർപ്പാടിലായാൽ കുറഞ്ഞ ചിലവിൽ നടത്തിക്കാമെന്നുള്ളതും തൻമൂലം സംഘത്തിന് ലാഭം സിദ്ധിക്കുമെന്നുള്ളതുമാകുന്നു. ഉപ്പുകച്ചവടത്തിൽ മുതലാളിമാരായ കച്ചവടക്കാർ അതിരററ ഇടലാഭം എടുത്തുവരുന്നതും അപ്രകാരമുള്ള ജോലി സംഘം ഏറെറടുക്കുന്നതിനാൽ ആ ലാഭം സംഘത്തിനു കിട്ടുമെന്നുള്ളതുമാകുന്നു. ഇൻഡ്യാ ഗവമ്മെൻറ് ആശിക്കുന്നതുപോലെ ഉപ്പുവ്യവസായിക്ക് ഈ നാട്ടിലേക്കാവശ്യമുള്ള ഉപ്പു മുഴുവനും വളരെ കൂടുതലും ഉണ്ടാക്കാൻ കഴിവുണ്ടാകുമെന്നുള്ളതാകുന്നു.

ഉപ്പു ശുദ്ധിവരുത്തുവാനായി സർവകലാശാലക്കാർ പ്രയത്നിച്ചുവരുന്നതിൻെറ ഫലം ഉപ്പുവ്യവസായികൾ മനസ്സിലാക്കി നല്ലതരം ഉപ്പുണ്ടാക്കുന്നതിന് നിർദ്ദേശിക്കാനായി ഒരു വിദഗ്ദ്ധൻ ഉപദേശം നൽകിയാൽ മതിയാകുമെന്നുള്ളതാണ്. ഇൻഡ്യാ ഗവമ്മെൻറ് ഉപ്പുവിതരണത്തെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും തന്മൂലം ഇന്ന ദേശത്തിലെ ഉപ്പ് ഇന്ന പ്രദേശത്ത് വിതരണം ചെയ്യേണ്ടതാണെന്നു നിർദ്ദേശിക്കുമ്പോൾ ഓരോ പ്രദേശത്തും ഉണ്ടാകുന്ന ഉപ്പ് പ്രത്യേക പ്രദേശത്തുമാത്രം വിതരണം ചെയ്യുമെന്നുള്ളതും വലുതായ മത്സരത്തിന് ഇടവരുന്നതല്ലാത്തതും ആകുന്നു. ഇപ്പോഴുള്ള വിലയനുസരിച്ച് 1 രൂപാ ലൈസൻസിക്ക് കിട്ടുമെന്നുള്ളതും 10 ണ. ചിലവുനീക്കി 6 ണ. ലൈസൻസിക്കു ലാഭം കിട്ടുമെന്നുള്ളതുമാകുന്നു.

---